## ക്രൈസ്തവ സമൂഹത്തിന്റെപിന്നാക്കാവസ്ഥ - കമ്മീഷൻ നിയമനം സ്വാഗതാർഹം

സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയിട്ടുള്ള കേരള മൈഗ്രേഷൻ സർവേ 2018 പ്രകാരം കേരളത്തിലെ ജനവിഭാഗങ്ങൾ മതാടിസ്ഥാനത്തിൽ 53% ഹൈന്ദവരും 27% മുസ്ലീങ്ങളും 19% ക്രൈസ്തവരും 1% മറ്റുള്ളവരുമാണ്. 19% വരുന്ന ക്രൈസ്തവരിൽ സീറോ മലബാർ 8.3% മറ്റ് സിറിയൻ ക്രൈസ്തവർ 3.6% ലത്തീൻ സമൂഹം 3.1% മറ്റ് ക്രൈസ്തവർ 2.4% സീറോ മലങ്കര 2.0% എന്നിങ്ങനെയാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. കേരളത്തിന്റെ വികസനത്തിന് വലിയ സംഭാവനകൾ നല്കിയിട്ടുള്ള സമൂഹമാണ് ക്രൈസ്തവരുടേത്. കേരളത്തിന്റെ ഭൂമിശാസ്ത്രഘടനയ്ക്കനുസരിച്ച് കാർഷിക രംഗത്തും മത്സ്യബന്ധനരംഗത്തുംഏർപ്പെട്ടിരിക്കുന്നവരാണ് ക്രൈസ്തവരിലേറെപ്പേരും. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിതായോധനം നടത്തി മുന്നോട്ടു ഗമിച്ച ക്രൈസ്തവർ, കേരളത്തിലെ ഇതരസമുദായങ്ങളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് നിസ്തുലമായ സേവനമാണ് നൽകിയിട്ടുള്ളത്. വിദ്യാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും വലിയ ഇടപെടലുകൾ നടത്താൻ ക്രൈസ്തവർക്കു കഴിഞ്ഞു. 'കേരളമോഡൽ' എന്ന പുകൾപെറ്റ വികസനമാതൃകക്ക് ക്രൈസ്തവർ ചെറുതല്ലാത്ത സംഭാവനകളാണ് നൽകിയിട്ടുള്ളത്.

കേരളത്തിൽനിന്ന് വിദേശങ്ങളിലേക്ക് ജോലി സംബന്ധമായും പഠനത്തിനുവേണ്ടിയും ധാരാളം ക്രൈസ്തവർ കടന്നുപോയിട്ടുണ്ട്. ഇവരിൽ പലരും അവിടെതന്നെ സ്ഥിരതാമസക്കാരായി മാറി. അതുകൊണ്ട് വിദേശങ്ങളിൽ നിന്നു തിരിച്ചുവരുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. കേരളത്തിൽ ക്രൈസ്തവരുടെ ഇടയിൽ പ്രായമായവരുടെ എണ്ണം വർദ്ധിച്ചതായി സർവ്വേകളിൽ കാണുവാൻ ഇത് ഇടയാക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ വർദ്ധനവ് മറ്റുള്ളവരെ അപേക്ഷിച്ച് ക്രൈസ്തവരുടെ ഇടയിൽ കാണാമെങ്കിലും സ്ഥിരവരുമാനം ലഭിക്കുന്നവിധം സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം മറ്റുള്ളവരെക്കാൾ കുറവാണ്. ഭൂമിയിൽ നിന്നുള്ള ആദായം വളരെ കുറവാണെന്ന വസ്തുത ഇന്ന് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണല്ലോ. ചെറുകിട സംരംഭങ്ങൾക്കും, കൃഷിക്കും മറ്റുമായി വലിയതോതിൽ പണം വായ്പയെടുത്തിരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതായി സർവ്വേ റിപ്പോർട്ടു പ്രകാരം കാണാവുന്നതാണ്. ഇത് വലിയ പ്രതിസന്ധിയാണ് ഈ സമൂഹത്തിൽ സൃഷ്ടിക്കുന്നത്.

കേരളത്തിലെ ക്രൈസ്തവരുടെപിന്നോക്കാവസ്ഥ പഠിക്കാൻ ജസ്റ്റിസ് ജെ.ബി കോശി ചെയർമാനും, ഡോ. ജേക്കബ് പുന്നൂസ്, ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് എന്നിവർ അംഗങ്ങളായും സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഈ പ്രത്യേക കാലഘട്ടത്തിൽ ഈ നിയമനം വളരെ വലിയ അനുഗ്രഹമാണ്. സാമ്പത്തികമായി വളരെയേറെ പ്രതിസന്ധി അനുഭവിക്കുന്ന ക്രൈസ്തവരുടെ യഥാർത്ഥ അവസ്ഥ പൊതു സമൂഹത്തിന് ബോധ്യപ്പെടാൻ കമ്മീഷന്റെ പ്രവർത്തനം സഹായകരമാകും. സർക്കാർ എത്രയും വേഗം ഈ കമ്മീഷന് പ്രവർത്തിക്കാനാവശ്യമായ ടേംസ് ഓഫ് റഫറൻസ് നൽകിക്കൊണ്ടും ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടും പ്രവർത്തന സജ്ജമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

ജനുവരി 28 ന് തൃശ്ശൂർ അതിരൂപതയുടെ റിസർച്ച് സെന്ററായ പാറോക്ക് സംഘടിപ്പിച്ച വെബിനാറിൽ പ്രൊഫസർ കെ.എസ്. ജെയിംസ് അവതരിപ്പിച്ച പഠന റിപ്പോർട്ട് കേരള ക്രൈസ്തവരുടെ യഥാർത്ഥസ്ഥിതിയിലേക്ക് വെളിച്ചം വീശുന്നതാണ്. അതിനാൽ വളരെ ഗൗരവത്തോടും അതീവ താൽപര്യത്തോടുംകൂടി എല്ലാരൂപതകളും ഇടവകകളും ഈ അവസരം പ്രയോജനപ്പെടുത്തി ക്രൈസ്തവർ അനുഭവിക്കുന്ന പ്രശ്നങ്ങളെ അവധാനതയോടെ പഠിക്കുന്നതിന് വേണ്ട ശ്രദ്ധയും ജാഗ്രതയും പുലർത്തണം.

ഫാ. ജേക്കബ്. ജി. പാലയ്ക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി ജനറാൾ കെസിബിസി.